പാലക്കാട് ജില്ലയിൽ ഐ. ആർ. ഡി. പി. സ്കീം അനുസരിച്ച് ചെലവഴിച്ച തുക

1385. [2070] ശ്രീ. കെ. കൃഷ്ണൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 1986 ഒക്ടോബർ 20-ാം തീയതിവരെ പാലക്കാട് ജില്ലയിൽ ഐ.ആർ.ഡി.പി. സ്കീം പ്രകാരം എത്ര സംഖ്യ ചെലവഴിച്ചു ;

(ബി) ഓരോ ബ്ലോക്കുകൾക്കും അനുവദിച്ച തുക എത്രവീതം ;

(സി) അതിൽ റോഡുകൾക്കും വീടുകൾക്കും വേണ്ടി ചെലവായത് എത്രയെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 1986 ഒക്ടോബർ 20-ാം തീയതിവരെ പാലക്കാട് ജില്ലയിൽ ഐ.ആർ.ഡി.പി. സ്കീം അനുസരിച്ച് 370.42 ലക്ഷം രൂപ ചെലവഴിച്ചു.

(ബി) ബ്ലോക്കുകൾക്ക് അനുവദിച്ച തുക താഴെ കാണിക്കുന്നു.

	ലക്ഷം രൂപ
ആലത്തൂർ	33.79
അട്ടപ്പാടി	37.52
ചിറ്റൂർ	30.15
കുഴൽമന്ദം	30.81
കൊല്ലംകോട്	27.34
മണ്ണാർക്കാട്	35.07
നെൻമാറ	26.89
ഒറ്റപ്പാലം	23.67
പാലക്കാട്	35.38
പട്ടാമ്പി	34.20
ശ്രീകൃഷ്ണപുരം	30.33
തൃത്താല	25.27
ആകെ	370.42

(സി) ഐ.ആർ.ഡി.പി. പദ്ധതിയിൻ കീഴിൽ റോഡുകൾ/വീടുകൾ എന്നീ പരിപാടികൾ നടപ്പാക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly